/119036/2023

## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - 19000-43600 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് നിയമനം (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ)- നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- നിയമന ശിപാർശ നം. PTA II (2) 266632/2020, dated: 04-11-2023

**ഉത്തരവ് നം : ഇ.ഡി4 -11147/2023/ആ.വ.ഡ., തീയതി : 07-12-2023**

1958 -ലെ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ 9 (എ) ( i ) ചട്ട പ്രകാരം 19000-43600/-രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് (ഹെഡ് ക്വാർട്ടേഴ്സ് ഒഴിവ്) തസ്തികയിലേയ്ക്ക് പത്തനംതിട്ട ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസറുടെ മേൽ പരാമർശ പ്രകാരം നിയമന ശുപാർശ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥിയെ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ ഈ കാര്യാലയത്തിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേരും മേൽ വിലാസവും | പിതാവിന്റെ/ രക്ഷകർത്താവിന്റെ പേര് | ജനന തീയതി | യോഗ്യത | നിയമന നിർദ്ദേശത്തിന്റെ ഊഴം |
|---|---|---|---|---|---|
| 1 | ആര്യ വിജയ്<br>വിദ്യാ വിഹാർ<br>തലച്ചിറ. പി.ഒ.<br>കൊല്ലം- 691538 | വിജയകുമാർ. ബി | 13-09-1996 | SSLC<br>Plus Two (Science)<br>Diploma in Secretarial Practice | OC Turn |

1958 -ലെ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ 9 (എ) ( 1 ) ചട്ട പ്രകാരം, പിന്നീടുള്ള പരിശോധനയിൽ ഈ ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വ ചരിത്രവും തൃപ്തികരമല്ലെന്ന് കണ്ടെത്തിയാൽ മുൻകൂട്ടി അറിയിപ്പ് കൂടാതെ പ്രസ്തുത നിയമനം റദ്ദ് ചെയ്യുന്നതാണ്.

നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഉദ്യോഗാർത്ഥി നിയമനാധികാരി മുമ്പാകെ ഹാജരാകാത്ത പക്ഷം അവരുടെ നിയമനം റദ്ദ് ചെയ്യുന്നതാണ്. ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് താഴെ പറയുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ നിയമനാധികാരി മുൻപാകെ ഹാജരാക്കേണ്ടതാണ്.

1. ജനന തീയതിയും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

2. സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമായ ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്

3. സ്വഭാവ സാക്ഷ്യ പത്രം

വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സേവന പുസ്തകത്തിൽ പതിപ്പിക്കേണ്ടതാണ്. ഏതെങ്കിലും രേഖകളിൽ പൊരുത്തക്കേട് കാണുന്ന പക്ഷം ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കുന്നതല്ല. 31/12/1991-ലെ ജി.ഒ (പി) നം. 45/91/പി&എ.ആർ.ഡി. ഉത്തരവ് പ്രകാരം ജനന തീയതിയിൽ ഏതെങ്കിലും തിരുത്തൽ ഉണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ടി ജീവനക്കാരിയുടെ തുടർച്ചയായ 3 വർഷ സേവനത്തിൽ 2 വർഷം നിരീക്ഷണ കാലയളവാണ്.

ഉദ്യോഗാർത്ഥി മേൽ പറഞ്ഞിട്ടുള്ള സാക്ഷ്യ പത്രങ്ങളുടെ അസ്സൽ പകർപ്പ് സഹിതം തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കു മുമ്പാകെ ഹാജരാകേണ്ടതാണ്.

Signed by
Abul Kalam M
Date: 07-12-2023 10:58:35
SENIOR ADMINSTRATIVE OFFICER
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ശ്രീമതി. ആര്യ വിജയ്, വിദ്യാ വിഹാർ, തലച്ചിറ. പി.ഒ. കൊല്ലം- 691538

പകർപ്പ് :
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ഫയൽ/കരുതൽ ഫയൽ